# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2425** **08.03.2017-ൽ മറുപടിയ്ക്ക്**

**ഭാഗ്യക്കുറി നറുക്കെടുപ്പ് ഫലം**

| | ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് എത്ര ദിനപ്പത്രങ്ങൾക്കാണ് നറുക്കെടുപ്പ് ഫലം പരസ്യമായി നൽകുന്നത്; | (എ) | പതിമൂന്ന് |
| (ബി) | സർക്കാർ ഉത്തരവില്ലാതെ ദിനപ്പത്രങ്ങൾക്ക് റിസൾട്ട് പരസ്യം നൽകുന്നുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും ദിനപ്പത്രത്തെ റിസൾട്ട് പരസ്യത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പത്രമെന്നും അതിനുള്ള സാഹചര്യമെന്തെന്നും വ്യക്തമാക്കുമോ; | (സി) | ഒഴിവാക്കിയിട്ടുണ്ട്.<br><br>'ബി' കാറ്റഗറി ദിനപ്പത്രങ്ങളായ ജനശബ്ദം, പ്രഭാതവാർത്ത, സതേൺ സ്റ്റാർ എന്നിവയേയും, മണിവീക്കിലി ആഴ്ചപതിപ്പിനേയും, റിസൾട്ട് പ രസ്യത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br><br>'മണി വീക്കിലി' എന്ന ആഴ്ചപതിപ്പ് വകുപ്പിന്റെ ഒരാഴ്ചത്തെ റിസൾട്ട് പരസ്യം ഒരുമിച്ചാണ് പ്രസിദ്ധീകരിക്കുന്നത്. സർക്കുലേഷൻ കുറവുള്ള 'ബി' കാറ്റഗറി ദിനപ്പത്രങ്ങൾക്കും, മണി വീക്കിലിയ്ക്കും റിസൾട്ട് പരസ്യം നൽകുന്നത് വഴി വകുപ്പിന് യാതൊരു പ്രയോജനവുമില്ലെന്നും എന്നാൽ വർഷത്തിൽ എല്ലാ ദിവസവും പരസ്യം നൽകുന്നതിലൂടെ വകുപ്പിന് വലിയ സാമ്പത്തിക - ബാധ്യതയുണ്ടാകുമെന്നും കണക്കിലെടുത്ത് മണി വീക്കിലി എന്ന ആഴ്ചപതിപ്പിനും 'ബി' കാറ്റഗറി ദിനപ്പത്രങ്ങൾക്കും റിസൾട്ട് പരസ്യം തുടർന്ന് നൽകേണ്ടതില്ലെന്ന് വകുപ്പിന്റെ പരസ്യ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ പരസ്യം നൽകേണ്ട എന്ന് തീരുമാനിച്ച പരസ്യകമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | 21-10-16, 07-01-17 എന്നീ തീയതികളിലെ പരസ്യ കമ്മിറ്റി മീറ്റിംഗിന്റെ മിനിറ്റ്സ് അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോട്ടറി റിസൾട്ട് പരസ്യം നൽകുന്നതിന് എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 8,44,35,008/- രൂപയുടെ റിസൾട്ട് പരസ്യം അനുവദിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്